# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ആഗസ്റ്റ് 20 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ജില്ലയിൽ 72 പേർക്ക് കൂടി കോവിഡ്; 35 പേർക്ക് രോഗമുക്തി

ജില്ലയിൽ വ്യാഴാഴ്ച (ആഗസ്റ്റ് 20) 72 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. 35 പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 720 ആണ്. തൃശൂർ സ്വദേശികളായ 35 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 2763 ആണ്. ഇതുവരെ രോഗമുക്തരായവർ 2026 പേർ.

രോഗം സ്ഥിരീകരിച്ചവരിൽ 69 പേരും സമ്പർക്കം വഴി കോവിഡ് പോസിറ്റീവ് ആയവരാണ്. ഇതിൽ 19 പേരുടെ രോഗഉറവിടമറിയില്ല. അമല ക്ലസ്റ്റർ 10, ചാലക്കുടി ക്ലസ്റ്റർ 5, ആരോഗ്യപ്രവർത്തകർ 2, മറ്റ് സമ്പർക്കം 33, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവർ 3 എന്നിങ്ങനെയാണ് രോഗസ്ഥിരീകരണത്തിന്റെ കണക്ക്.

**രോഗം സ്ഥീരികരിച്ച് തൃശൂർ ഗവ. മെഡിക്കൽ കോളജിലും മറ്റ് ആശുപത്രികളിലും കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻററുകളിലുമായി കഴിയുന്നവർ. വ്യാഴാഴ്ചയിലെ കണക്ക്:**

ഗവ. മെഡിക്കൽ കോളേജ് തൃശ്ശൂർ - 48, സി.എഫ്.എൽ.ടി.സി ഇ.എസ്.ഐ -നെഞ്ചുരോഗാശുപത്രി മുളങ്കുന്നത്തുകാവ്- 26, എം. സി. സി. എച്ച്. മുളങ്കുന്നത്തുകാവ്-35, ജി. എച്ച് തൃശ്ശൂർ-14, കൊടുങ്ങലൂർ താലൂക്ക് ആശുപത്രി - 33, കില ബ്ലോക്ക് 1 തൃശ്ശൂർ-85, കില ബ്ലോക്ക് 2 തൃശ്ശൂർ- 65, വിദ്യ സി.എഫ്.എൽ.ടി.സി വേലൂർ-112, എം.എം.എം കോവിഡ് കെയർ സെന്റർ തൃശ്ശൂർ - 8, ചാവക്കാട് താലൂക്ക് ആശുപത്രി -19, ചാലക്കുടി താലൂക്ക് ആശുപത്രി -12, സി.എഫ്.എൽ.ടി.സി കൊരട്ടി - 58, കുന്നംകുളം താലൂക്ക് ആശുപത്രി -6, ജി.എച്ച്. ഇരിങ്ങാലക്കുട - 13, ഡി.എച്ച്. വടക്കാഞ്ചേരി - 4, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് തൃശ്ശൂർ -3, അമല ഹോസ്പിറ്റൽ തൃശ്ശൂർ - 94, ഹോം ഐസോലേഷൻ - 13.

നിരീക്ഷണത്തിൽ കഴിയുന്ന 9104 പേരിൽ 8349 പേർ വീടുകളിലും 755 പേർ ആശുപത്രികളിലുമാണ്. കോവിഡ് സംശയിച്ച് 78 പേരേയാണ് ബുധനാഴ്ച ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചിട്ടുള്ളത്. 502 പേരെ വ്യാഴാഴ്ച (ആഗസ്റ്റ് 20) നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 408 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി.

വ്യാഴാഴ്ച (ആഗസ്റ്റ് 20) 2073 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതുവരെ ആകെ 63849 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. ഇതിൽ 62754 സാമ്പിളുകളുടെ പരിശോധന ഫലം വന്നിട്ടുണ്ട്. ഇനി 1095 സാമ്പിളുകളുടെ പരിശോധന ഫലം ലഭിക്കാനുണ്ട്.

സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി 11434 പേരുടെ സാമ്പിളുകൾ ഇതുവരെ കൂടുതലായി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

വ്യാഴാഴ്ച (ആഗസ്റ്റ് 20) 413 ഫോൺ വിളികളാണ് ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നിട്ടുള ളത്. 81 പേർക്ക് സൈക്കോ സോഷ്യൽ കൗൺസിലർമാർ വഴി കൗൺസിലിംഗ് നൽകി.

വ്യാഴാഴ്ച (ആഗസ്റ്റ് 20) റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലുമായി 300 പേരെ ആകെ സ്ക്രീൻ ചെയ്തിട്ടുണ്ട്.

# ജില്ലയിലെ പോസിറ്റീവ് കേസുകൾ

1. അമല ക്ലസ്റ്റർ- പോർക്കുളം- 79 പുരുഷൻ .
2. അമല ക്ലസ്റ്റർ- പോർക്കുളം - 68 സ്ത്രീ.
3. അമല ക്ലസ്റ്റർ- എളവള്ളി - 18 ആൺകുട്ടി.
4. അമല ക്ലസ്റ്റർ- കൈപ്പറപ്പമ്പ്- 7 ആൺകുട്ടി.
5. അമല ക്ലസ്റ്റർ- കൈപ്പറപ്പമ്പ് - 59 പുരുഷൻ
6. അമല ക്ലസ്റ്റർ- അടാട്ട് - 24 പുരുഷൻ.
7. അമല ക്ലസ്റ്റർ- അടാട്ട് - 9 ആൺകുട്ടി.
8. അമല ക്ലസ്റ്റർ- അടാട്ട് - 38 സ്ത്രീ.
9. അമല ക്ലസ്റ്റർ- അടാട്ട് - 42 പുരുഷൻ .
10. അമല ക്ലസ്റ്റർ- ചൊവ്വന്നൂർ - 22 സ്ത്രീ.
11. സമ്പർക്കം - വെള്ളിക്കുളങ്ങര - 30 പുരുഷൻ
12. സമ്പർക്കം - പാവറട്ടി - 32 പുരുഷൻ.
13. സമ്പർക്കം- വടക്കാഞ്ചേരി- 4 ആൺകുട്ടി
14. സമ്പർക്കം- വടക്കാഞ്ചേരി- 6 പെൺകുട്ടി.
15. സമ്പർക്കം- വടക്കാഞ്ചേരി- 39 പുരുഷൻ.
16. സമ്പർക്കം- വെങ്കിടങ്ങ്- 46 പുരുഷൻ.
17. സമ്പർക്കം- ഗുരുവായൂർ - 49 പുരുഷൻ.
18. സമ്പർക്കം- വടക്കാഞ്ചേരി- 37 പുരുഷൻ.
19. സമ്പർക്കം- കൈപ്പറമ്പ്- 46 സ്ത്രീ.
20. സമ്പർക്കം- മുള്ളൂർക്കര - 17 പെൺകുട്ടി
21. സമ്പർക്കം- വടക്കാഞ്ചേരി- 65 പുരുഷൻ.
22. സമ്പർക്കം- വെള്ളാങ്കല്ലൂർ- 55 പുരുഷൻ.
23. സമ്പർക്കം- അവിണിശ്ശേരി- 2 പെൺകുട്ടി .
24. സമ്പർക്കം- അവിണിശ്ശേരി- 41 സ്ത്രീ
25. സമ്പർക്കം- അവിണിശ്ശേരി - 14 ആൺകുട്ടി.
26. സമ്പർക്കം- ആളൂർ - 30 സ്ത്രീ.
27. സമ്പർക്കം- കൊരട്ടി - 35 സ്ത്രീ.
28. സമ്പർക്കം- വടക്കാഞ്ചേരി - 38 പുരുഷൻ
29. സമ്പർക്കം- കാട്ടകാമ്പാൽ- 10 ആൺകുട്ടി
30. സമ്പർക്കം- കോടശ്ശേരി- 46 സ്ത്രീ
31. സമ്പർക്കം- കോടശ്ശേരി- - 12 ആൺകുട്ടി
32. സമ്പർക്കം- കോടശ്ശേരി- - 44 സ്ത്രീ.
33. സമ്പർക്കം- കടവല്ലൂർ - 27 സ്ത്രീ.
34. സമ്പർക്കം- കൈപ്പറമ്പ് - 48 പുരുഷൻ.
35. സമ്പർക്കം - പോർക്കുളം - 61 പുരുഷൻ.
36. സമ്പർക്കം- വടക്കാഞ്ചേരി - 7 ആൺകുട്ടി .
37. സമ്പർക്കം- വടക്കാഞ്ചേരി - 29 സ്ത്രീ.
38. സമ്പർക്കം- വടക്കാഞ്ചേരി - 65 സ്ത്രീ
39. സമ്പർക്കം- വടക്കാഞ്ചേരി - 67 പുരുഷൻ.
40. സമ്പർക്കം- വടക്കാഞ്ചേരി - 2 ആൺകുട്ടി
41. സമ്പർക്കം- താന്ന്യം- 34 സ്ത്രീ.

42.സമ്പർക്കം- മറ്റത്തൂർ - 47 പുരുഷൻ.
43.സമ്പർക്കം- വേലൂക്കര - 46 സ്ത്രീ.
44.ചാലക്കുടി ക്ലസ്റ്റർ- പുത്തൂർ - 10 പെൺകുട്ടി.
45.ചാലക്കുടി ക്ലസ്റ്റർ- കൊടകര -82 സ്ത്രീ.
46.ചാലക്കുടി ക്ലസ്റ്റർ- കൊടകര - 13 ആൺകുട്ടി .
47.ചാലക്കുടി ക്ലസ്റ്റർ- ചാലക്കുടി - 31 സ്ത്രീ.
48.ചാലക്കുടി ക്ലസ്റ്റർ- നെന്മണിക്കര - 59 പുരുഷൻ .
49.ആരോഗ്യപ്രവർത്തകർ - തൃശ്ശൂർ കോർപ്പറേഷൻ -31 സ്ത്രീ
50.ആരോഗ്യപ്രവർത്തകർ - മാടക്കത്തറ -30 സ്ത്രീ
51.തമിഴ്നാട് - കടവല്ലൂർ - 39 പുരുഷൻ
52.ആന്ധ്രപ്രദേശ് - തൃശ്ശൂർ - 47 പുരുഷൻ.
53.ജാർഖണ്ഡ് -കുണ്ടുകാട് -59 പുരുഷൻ.
54.ഉറവിടമറിയാത്ത തെക്കുംകര സ്വദേശി - 31 പുരുഷൻ.
55.ഉറവിടമറിയാത്ത വടക്കഞ്ചേരി സ്വദേശി - 1 ആൺകുട്ടി.
56.ഉറവിടമറിയാത്ത തൃശ്ശൂർ കോർപ്പറേഷൻ സ്വദേശി - 70 സ്ത്രീ.
57.ഉറവിടമറിയാത്ത കാടുകുറ്റി സ്വദേശി - 63 സ്ത്രീ
58.ഉറവിടമറിയാത്ത ഏറിയാട് സ്വദേശി - 46 പുരുഷൻ.
59.ഉറവിടമറിയാത്ത പോർക്കുളം സ്വദേശി - 71 പുരുഷൻ .
60.ഉറവിടമറിയാത്ത കടങ്ങോ ട് സ്വദേശി - 32 പുരുഷൻ.
61.ഉറവിടമറിയാത്ത കടങ്ങോട് സ്വദേശി - 48 പുരുഷൻ .
62.ഉറവിടമറിയാത്ത കടങ്ങോട് സ്വദേശി - 86 പുരുഷൻ.
63.ഉറവിടമറിയാത്ത- കാട്ടകാമ്പാൽ - 33 സ്ത്രീ.
64.ഉറവിടമറിയാത്ത കടങ്ങോട് സ്വദേശി - 30 പുരുഷൻ.
65.ഉറവിടമറിയാത്ത വടക്കാഞ്ചേരി സ്വദേശി - 49 സ്ത്രീ .
66.ഉറവിടമറിയാത്ത പുത്തൂർ സ്വദേശി - 11 ആൺകുട്ടി.
67.ഉറവിടമറിയാത്ത കൈപ്പറമ്പ് സ്വദേശി - 24 സ്ത്രീ.
68.ഉറവിടമറിയാത്ത കടങ്ങോട് സ്വദേശി - 60 പുരുഷൻ.
69.ഉറവിടമറിയാത്ത കാട്ടകാമ്പാൽ സ്വദേശി - 33 പുരുഷൻ .
70.ഉറവിടമറിയാത്ത കൊടുങ്ങല്ലൂർ സ്വദേശി - 43 പുരുഷൻ .
71.ഉറവിടമറിയാത്ത അടാട്ട് സ്വദേശി - 50 പുരുഷൻ.
72.ഉറവിടമറിയാത്ത മങ്കര സ്വദേശി - 76 സ്ത്രീ.

## സുഭിക്ഷ കേരളം : വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുമെന്ന് മുഖ്യമന്ത്രി

കൃഷി, തദ്ദേശം, സഹകരണം എന്നീ വകുപ്പുകൾ ഒത്തുപിടിച്ചാൽ കാർഷിക രംഗത്ത് സംസ്ഥാനത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അന്തിക്കാട് തരിശുരഹിത ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയാണ് ലക്ഷ്യമെന്നും സുഭിക്ഷ കേരളം പദ്ധതി നാട് ഏറ്റെടുത്തെന്നും അദ്ദേഹം പറഞ്ഞു.

കൃഷി ചെയ്യുന്നത് കൃഷിവകുപ്പിന്റെ കാര്യമെന്ന സ്ഥിതിയിൽ നിന്ന് ജനങ്ങൾ സ്വയം കൃഷി രംഗത്തേക്ക് വരുന്നു. കൃഷിയിലൂടെ കുടുംബാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. മിനി ഫാം രൂപപ്പെടുത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം നബാഡിൽ നിന്ന് ഉറപ്പാക്കും. ഇതിലൂടെ കന്നുകാലി, മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുകയാണ് ലക്ഷ്യമെന്നും പിണറായി വിജയൻ പറഞ്ഞു. കൃഷി മന്ത്രി വി. എസ്. സുനിൽ കുമാർ അധ്യക്ഷനായി. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ സുഭിക്ഷ കേരളം ഗ്രൂപ്പുകൾക്കുള്ള സബ്സിഡി വിതരണം ചെയ്തു. ഗീതാഗോപി എം .എൽ .എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി

ശ്രീദേവി എന്നിവർ മുഖ്യാഥിതികളായി. വിവിധ പഞ്ചായത്ത് പ്രസിഡന്റുമാരും പരിപാടിയിൽ പങ്കെടുത്തു.

## മത്സ്യവിപണത്തിൽ ഇടനിലക്കാരെ ഒഴിവാക്കും: മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ

മത്സ്യ വിപണന രംഗത്ത് ഇടനിലക്കാരെ ഒഴിവാക്കി പുതിയ വിപണനപദ്ധതികൾ നടപ്പാക്കുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. ചാലക്കുടിയിലെ മത്സ്യഫെഡ് ഫിഷ്മാർട്ടിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഹാർബറുകളിൽ നിന്ന് മത്സ്യം മാർക്കറ്റിലേക്ക് നേരിട്ട് ഇടനിലക്കാരില്ലാതെ എത്തിക്കുന്ന രീതിയാണ് ലക്ഷ്യമിടുന്നത്. കൊള്ളവില ഈടാക്കാതെ ഗുണമേന്മയുള്ള മത്സ്യം എല്ലാവരിലേക്കും എത്തിക്കാൻ കഴിയണം. ഹാർബർ മാനേജ്മെന്റ് സൊസൈറ്റി ഈ മാറ്റത്തിനായി പ്രവർത്തിച്ചുവരുന്നു. ലേലം ഒഴിവാക്കി വില നിശ്ചയിക്കുന്ന രീതിക്ക് പ്രാധാന്യം കൊടുക്കണം. ശരിയായ വില നിശ്ചയിച്ചു കഴിഞ്ഞാൽ ആ വിലക്ക് തന്നെ എങ്ങനെ മത്സ്യം വിപണിയിലെത്തിക്കാം എന്നത് മൽസ്യഫെഡിന്റെ മുന്നിലുള്ള വെല്ലുവിളിയാണ്. ഈ പ്രശ്നത്തെ മറികടക്കാനുള്ള പുതിയ മാർഗങ്ങൾ കണ്ടെത്തും. ഇതിന്റെ ആദ്യഘട്ടം എന്ന രീതിയിൽ മാർക്കറ്റുകൾ സ്ഥാപിക്കും. മത്സ്യത്തൊഴിലാളികൾക്ക് അവർ അർഹിക്കുന്ന വില ലഭിക്കണം എന്നതുപോലെ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള മത്സ്യവും ലഭിക്കേണ്ടതുണ്ട്. സഹകരണ വകുപ്പുമായി ചേർന്നുകൊണ്ടാണ് ഫിഷ് മാർട്ട് പോലുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. വിവിധതരം മത്സ്യങ്ങളും മത്സ്യ ഉൽപ്പന്നങ്ങളും ഇവിടെ നിന്ന് ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ ബി ഡി ദേവസ്സി എം എൽ എ അധ്യക്ഷത വഹിച്ചു. ചാലക്കുടി നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രവീൺ കുമാർ ആദ്യ വില്പന നടത്തി. സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ രാജൻ വർഗീസ് മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. കെ. ഷീജു, മത്സ്യഫെഡ് ജില്ലാ മാനേജർ എ. കെ. ബാബു, മുൻ ജില്ലാ മാനേജർ ഗീത ഉണ്ണികൃഷ്ണൻ, വാർഡ് കൗൺസിലർ യു. വി. മാർട്ടിൻ, ചാലക്കുടി ടൗൺ മൾട്ടിപർപ്പസ് സഹകരണ സംഘം സെക്രട്ടറി പി എസ് കിഷോർ കുമാർ തുടങ്ങിയവർ പങ്കെടുത്തു.

## നിയന്ത്രണങ്ങളോടെ മാത്രം ഓണാഘോഷം

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ ഈ വർഷത്തെ ഓണവിപണിയിൽ കർശന നിയന്ത്രണങ്ങൾ നടപ്പാക്കാൻ ജില്ലാതല യോഗം തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ അധ്യക്ഷത വഹിച്ച യോഗത്തിലാണ് തീരുമാനം. കടകളിലെ കച്ചവടം, ഓണാഘോഷ പരിപാടികൾ, പൂക്കള മത്സരങ്ങൾ എന്നിവ പാടില്ല.

കടകളിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരെയും 10 വയസ്സിന് താഴെയുള്ളവരെയും പ്രവേശിപ്പിക്കില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓണക്കാലത്ത് കലാകായിക പരിപാടികൾ, സാംസ്കാരിക പരിപാടികൾ എന്നിവ പൂർണമായും നിരോധിക്കും. കാറ്ററിങ് സർവീസ് നടത്തുന്ന സ്ഥാപനങ്ങൾക്ക് പാചകം ചെയ്ത് ഭക്ഷണസാധനങ്ങൾ പാഴ്സലായി വീടുകളിലെത്തിക്കാം. കാറ്ററിങ് സ്ഥാപനങ്ങൾ നടത്തുന്നവർ ഫുഡ് ആന്റ് സേഫ്റ്റി അധികൃതരിൽ നിന്നും മുൻകൂർ അനുമതി വാങ്ങണം. സ്ഥാപനത്തിലെ ആളുകളുടെ പേരും വിലാസവും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകണം. കണ്ടെയ്ൻമെന്റ് സോണുകളിൽ തട്ടുകടകളും വഴിയോരക്കച്ചവടവും പൂർണമായും നിരോധിക്കും. കണ്ടെയ്ൻമെന്റ് സോണിൽ നിന്ന് മറ്റൊരു പ്രദേശത്തേക്ക് മാറി കച്ചവടം നടത്തുന്നതും കർശനമായി നിരോധിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ജില്ലാഭരണകേന്ദ്രത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും പോലീസിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി സുരക്ഷാമാനദണ്ഡങ്ങളോടെ കച്ചവടം നടത്താം.

കടകൾ രാവിലെ 7 മുതൽ വൈകീട്ട് 7 വരെ മാത്രം പ്രവർത്തിക്കാം. കടകളിൽ സാമൂഹിക അകലം പാലിക്കൽ, മാസ്ക് ധരിക്കൽ എന്നിവയിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടിയുണ്ടാകും. കടകളിൽ തെർമൽ സ്കാനർ സംവിധാനം ഉണ്ടാകണം. ഉപഭോക്താക്കൾക്ക്

കൈകൾ ശുചീകരിക്കുന്നതിനായി സാനിറ്റൈസർ, സോപ്പ് എന്നിവ കടകൾക്കു മുന്നിൽ വയ്ക്കണം. ജീവനക്കാരും ഇടയ്ക്കിടെ കൈകൾ ശുചീകരിക്കണം. ദിവസവും സ്ഥാപനവും പരിസരവും അണുവിമുക്തമാക്കാൻ കടയുടമകൾ ശ്രദ്ധിക്കണം. തട്ടുകടകളുടെ പ്രവർത്തനം തദ്ദേശ സ്ഥാപനങ്ങൾ, ആരോഗ്യ വിഭാഗം, പോലീസ് എന്നിവയുടെ നിർദ്ദേശ പ്രകാരം കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് നടത്തണം. വഴിയോരക്കച്ചവടങ്ങൾ മാനദണ്ഡങ്ങൾക്കനുസരിച്ച് പരിമിതമായി നടത്താം.

ഓണവുമായി ബന്ധപ്പെട്ട് വിലക്കുറവിന്റെയും സൗജന്യ സാധനങ്ങളുടെയും വിവരങ്ങൾ ഒരു മാധ്യമങ്ങളിലൂടെയും നോട്ടീസ്, ഫ്ളക്സ് മുഖേനയും കടകളുടെ മുൻപിൽ പ്രദർശിപ്പിക്കരുത്. കടകളുടെ മുൻപിൽ ജോലിക്കാരെ നിർത്തി ആളുകളെ ആകർഷിക്കുന്ന വിധത്തിലുള്ള പരസ്യവും പാടില്ല.

പൂക്കച്ചവടം സാമൂഹിക അകലം പാലിച്ചു നടത്താം. ജീവനക്കാരുടെ പേരും വിലാസവും വാങ്ങാനെത്തുന്നവരുടെ പേരും വിലാസവും പ്രത്യേക രജിസ്ട്രറിൽ രേഖപ്പെടുത്തി ബന്ധപ്പെട്ടവർക്ക് നൽകണം. അസോസിയേഷനുകൾ, ക്ലബുകൾ, മറ്റ് കൂട്ടായ്മകൾ എന്നിവ നടത്തുന്ന പൂക്കള മത്സരങ്ങളും നിരോധിച്ചു.

ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ, മേയർ അജിത ജയരാജൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, സിറ്റി- റൂറൽ പോലീസ് മേധാവികളായ ആദിത്യ, ആർ. വിശ്വനാഥ്, ഡി എം ഒ റീന, ജില്ലാ സപ്ലൈ ഓഫീസർ അയ്യപ്പദാസ്, ഡെപ്യൂട്ടി കളക്ടർ എം സി റെജിൽ, വിവിധ വ്യാപാര സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## നല്ല മത്സ്യങ്ങൾക്കായി ഇനി ചാലക്കുടിയിലും ഒരിടം : ചാലക്കുടിയിൽ ഫിഷ് മാർട്ട് തുറന്നു

സംസ്ഥാനത്തെ നാൽപ്പത്തിമൂന്നാമത്തെയും ജില്ലയിലെ അഞ്ചാമത്തേയും ഫിഷ്മാർട്ട് ചാലക്കുടിയിൽ പ്രവർത്തനമാരംഭിച്ചു. ഭക്ഷ്യസുരക്ഷ മുൻനിർത്തി കേരളത്തിലുടനീളം മത്സ്യഫെഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഫിഷ് മാർട്ടുകൾ. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് സമീപമാണ് ഫിഷ് മാർട്ട് തുറന്നത്. ഗുണമേന്മയുള്ള മത്സ്യവും മത്സ്യ ഉത്പന്നങ്ങളും അമിത വില ഈടാക്കാതെ ജനങ്ങളിലേക്ക് എത്തിക്കുകയാണ് ഫിഷ് മാർട്ടിന്റെ ലക്ഷ്യം. ചാലക്കുടി ടൗൺ മൾട്ടി പർപ്പസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഫിഷ് മാർട്ടിന്റെ പ്രവർത്തങ്ങളെ ഏകോപിപ്പിക്കുന്നത്. നെയ്മീൻ, വറ്റ, ആവോലി, സ്രാവ്, കരിമീൻ, അയല, ചാള തുടങ്ങിയ 37 തരം മത്സ്യങ്ങൾ മുനമ്പം, പൊന്നാനി, ചേറ്റുവ, കൊച്ചി എന്നീ ഹാർബറുകളിൽ നിന്ന് നേരിട്ട് ഫിഷ് മാർട്ടിൽ എത്തിക്കും. ഇതിന് പുറമെ മത്സ്യ ഫെഡിന്റെ ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റിൽ ഉല്പാദിപ്പിച്ചു വിതരണം നടത്തുന്ന മത്സ്യങ്ങളുടെ വിവിധ തരം അച്ചാറുകൾ, ഫിഷ് മസാല, ഫിഷ് സമൂസ, ഫ്രൈ മസാല, ചമന്തിപ്പൊടി, ഉണക്ക ചെമ്മീൻ ഫ്രൈ തുടങ്ങിയ മൂല്യ വർദ്ധിത ഉത്പന്നങ്ങളും ഫിഷ് മാർട്ടിൻ ലഭിക്കും. ആധുനിക സൗകര്യങ്ങളോടെ ഒരുക്കിയിട്ടുള്ള ഫിഷ് മാർട്ടിൽ ഉപഭോക്താക്കളുടെ ആവശ്യാനുസരണം മത്സ്യം വൃത്തിയാക്കി കഷ്ണങ്ങളാക്കി നൽകും. ഹോം ഡെലിവറി സൗകര്യവും ഇവിടെ ലഭ്യമാണ്. തൃശൂർ ജില്ലയിൽ എവിടെ നിന്നും ഓർഡർ സ്വീകരിക്കും. ഫോൺ :7592810259.

## പ്രാഥമികാരോഗ്യ ഉപകേന്ദ്രം ഇന്ന് (ആഗസ്റ്റ് 21) നാടിന് സമർപ്പിക്കും

പുത്തൻപീടിക പ്രാഥമികാരോഗ്യ ഉപകേന്ദ്രത്തിന്റെ പുതിയ കെട്ടിടം ആഗസ്റ്റ് 21 ന് ഉദ്ഘാടനം ചെയ്യും. വെള്ളിയാഴ്ച ഉച്ചക്ക് 2 ന് മഞ്ഞപ്പിത്തം സെന്ററിന് സമീപം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് 25 ലക്ഷം രൂപ ചിലവഴിച്ചാണ് കെട്ടിടം പണികഴിപ്പിച്ചത്. 8 ആം വാർഡിൽ കുറുവത്ത് രാമന്റെ ഓർമ്മയ്ക്ക് അഡ്വ. കരുണൻ കുറുവത്ത് സംഭാവന നൽകിയ ഭൂമിയിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി.ശ്രീവത്സൻ അധ്യക്ഷനാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉദയപ്രകാശ്, ജില്ലാ പഞ്ചായത്ത് അംഗം സിജി മോഹൻദാസ് എന്നിവർ മുഖ്യാതിഥികളാകും.

## സിവിൽ സർവ്വീസ് പരീക്ഷയിൽ
## 185-ാം റാങ്ക് നേടിയ റുമൈസ ഫാത്തിമയെ ആദരിച്ചു

സിവിൽ സർവ്വീസ് പരീക്ഷയിൽ 185-ാം റാങ്ക് നേടി നാടിന്റെ അഭിമാനമായി മാറിയ ഗുരുവായൂർ സ്വദേശിനി റുമൈസ ഫാത്തിമയെ ഗുരുവായൂർ അഗ്നിശമന സേനയും സിവിൽ ഡിഫൻസും ചേർന്ന് സ്നേഹോപഹാരം നൽകി ആദരിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വീട്ടിലെത്തിയാണ് അനുമോദനം അർപ്പിച്ചത്. ഗുരുവായൂർ ഫയർ സ്റ്റേഷൻ ഓഫീസർ സുൽഫീസ് ഇബ്രാഹിം, സിവിൽ ഡിഫൻസ് അംഗങ്ങളായ ഷെൽബീർ അലി, കെ. എസ് ശ്രുതി, രഞ്ജിനി അനിലൻ, ഫയർമാൻ ഡ്രൈവർ മനോജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: സിവിൽ സർവ്വീസ് പരീക്ഷയിൽ 185-ാം റാങ്ക് നേടി റുമൈസ ഫാത്തിമയെ ഗുരുവായൂർ അഗ്നിശമന സേനയും സിവിൽ ഡിഫൻസും ചേർന്ന് ആദരിക്കുന്നു***

## കാലാവധി കഴിഞ്ഞ നാഷ്ണൽ സേവിങ്സ്
## സർട്ടിഫിക്കറ്റുകൾ റിലീസ് ചെയ്യുന്നു

ദേശീയ സമ്പാദ്യ പദ്ധതി ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എംപികെബിവൈ/എസ്എഎസ് ഏജന്റുമാരുടെ കാലാവധി കഴിഞ്ഞ നാഷ്ണൽ സേവിങ്സ് സർട്ടിഫിക്കറ്റുകൾ റിലീസ് ചെയ്ത് തീർപ്പാക്കുന്നു. ബന്ധപ്പെട്ട രേഖകളും തിരിച്ചറിയൽ രേഖകളുമായി അപേക്ഷ നൽകി ഒരു മാസത്തിനകം തിരികെ കൈപ്പറ്റണം. വൈകിയാൽ സർട്ടിഫിക്കറ്റുകൾ സർക്കാരിലേക്ക് കണ്ട് കെട്ടും. വിശദ വിവരങ്ങൾക്ക് കളക്റ്ററേറ്റിൽ പ്രവർത്തിക്കുന്ന ദേശീയ സമ്പാദ്യ പദ്ധതി ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 0487 2361566.

## പ്ലസ് വൺ പ്രവേശനം:
## അപേക്ഷ തീയതി ആഗസ്റ്റ് 25 വരെ നീട്ടി

പ്ലസ് വൺ ഏകജാലകം അപേക്ഷ സമർപ്പിക്കുന്നതിനും കാൻഡിഡേറ്റ് ലോഗിൻ ചെയ്ത് പാസ് വേർഡ് കരസ്ഥമാക്കുന്നതിനുമുള്ള അപേക്ഷ തീയതി ആഗസ്റ്റ് 25 വരെ നീട്ടി. നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ സമർപ്പിച്ച എല്ലാവരും കാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കണം. അല്ലാത്തവർ തുടർന്നുള്ള പ്രവേശന നടപടികളിൽ നിന്ന് പുറത്താക്കപ്പെടും. മൊബൈൽ നമ്പർ തെറ്റായി നൽകിയവർ ഐസിടി സെല്ലിലേക്ക് മെയിൽ ചെയ്ത് നമ്പർ ശരിയാക്കിയതിന് ശേഷം കാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കേണ്ടതാണ്. സി ബി എസ് ഇ, ഐസിഎസ്ഇ, മറ്റു സ്ട്രീമിൽ നിന്ന് അപേക്ഷിച്ചവർ തങ്ങളുടെ സ്കോർ റേഷ്യോ അനുസരിച്ച് മാറ്റം വരുത്തിയത് ഉറപ്പാക്കാവുന്നതാണെന്ന് ഹയർസെക്കന്ററി ജില്ല അക്കാദമിക് കോർഡിനേറ്റർ വി എ കരീം അറിയിച്ചു.

## ജില്ലയിൽ രണ്ട് മൊബൈൽ മെഡിക്കൽ
## സർവൈലൻസ് യൂണിറ്റ് പ്രവർത്തനസജ്ജമായി

കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തി ദേശീയ ആരോഗ്യദൗത്യം ജില്ലക്ക് അനുവദിച്ച രണ്ട് ആംബുലൻസുകളുടെ ഫ്ളാഗ് ഓഫ് ജില്ലാ കളക്ടർ എസ് ഷാനവാസ് നിർവഹിച്ചു. നൂതന മൊബൈൽ മെഡിക്കൽ സർവൈലൻസ് യൂണിറ്റുകളാണ് പ്രവർത്തനം തുടങ്ങിയത്. ആദി വാസിമേഖല, തീരദേശമേഖല, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് കോവിഡ് കാല ഘട്ടത്തിൽ വീട്ട് പടിക്കൽ സൗജന്യ വൈദ്യസഹായം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടു കൊണ്ടാണ് യൂണിറ്റിന്റെ പ്രവർത്തനം. പദ്ധതിയുടെ ഭാഗമായി പ്രഥമശുശ്രൂഷ, ഗർഭപൂർവ്വകാല പരിചരണം, പ്രതിരോധകുത്തിവെപ്പ്, ലാബ്സൗകര്യങ്ങൾ, കോവിഡ്ടെസ്റ്റിങ്ങ്, സൗജന്യമരുന്ന് വിതരണം, കൗൺസിലിങ്ങ്, ടെലി മെഡിസിൻ സംവിധാനം, റഫറൽസംവിധാനം എന്നീ സേവനങ്ങൾ ലഭ്യമാക്കും. ഡിഎംഒ ഡോ. കെ ജെ റീന, ഡിപിഎം ഡോ. ടി വി സതീശൻ എന്നിവർ സന്നിഹിതരായി.

*ഫോട്ടോ അടിക്കുറിപ്പ്: മൊബൈൽ മെഡിക്കൽ സർവ്വൈലൻസ് യൂണിറ്റ് ജില്ലാ കളക്ടർ എസ് ഷാനവാസ് ഫ്ളാഗ് ഓഫ് ചെയ്യുന്നു*

# കോവിഡ് പ്രതിരോധത്തിന് കൂടുതൽ ജീവനക്കാർ

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വകുപ്പുകളിലെ കൂടുതൽ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. അവശ്യസർവീസിന് പുറത്തുള്ള വകുപ്പുകളിലെ ജീവനക്കാരെയും വാഹനങ്ങളെയും കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് അവരുടെ പട്ടിക തയ്യാറാക്കും. ഇതിനായി ജില്ലയിലെ എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകി.